ക്ലാസ്സ് 12

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| ആകെ മാർക്ക് : 80 |
|---|
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

## പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5×1=5**

1. വിവാഹത്തിന്റെ അത്യുൽകൃഷ്ടഫലം?
(ലൈംഗികത, മക്കൾ, കുടുംബം)
2. വ്യക്തിയുടെ ശാരീരികവും ആത്മീയവുമായ ആന്തരിക ഐക്യമാണ്?
(ശുദ്ധത, വ്യക്തിത്വം, പക്വത)
3. വത്തിക്കാൻ 'ഒബ്സർവേറ്ററി' സ്ഥാപിച്ച മാർപാപ്പ?
(പോൾ VI, ജോൺ പോൾ II, ലെയോ XIII)
4. രൂപതകൾ സ്ഥാപിക്കാനും മെത്രാൻമാരെ നിയമിക്കാനും വിശ്വാസം പ്രചരിപ്പിക്കാനും പോർച്ചുഗീസ് രാജാവിന് മാർപാപ്പ നല്കിയ അധികാരമാണ്?
(കാനോൻ, പാദ്രുവാദോ, പ്രൊപ്പഗാന്ത)
5. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ തങ്ങളെതന്നെ മിശിഹായ്ക്ക് പൂർണ്ണമായ വാഗ്ദാനം ചെയ്ത് സമർപ്പിക്കുന്നവരാണ്?
(സന്യസ്തർ, പുരോഹിതൻ, ഏകസ്ഥർ)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

6. വിശ്വാസസത്യങ്ങളെ യുക്തിസഹമായി വ്യാഖ്യാനിക്കുന്നതാണ്?
7. ഈശോയുടെ കല്പനകളും ജീവിതരീതിയും സ്വീകരിച്ച് ക്രിസ്തീയ വ്യക്തിത്വ രൂപീകരണം സാധ്യമാണെന്ന് കാണിച്ചുതന്നവരാണ്?
8. തൊഴിലാളികളുടെ മധ്യസ്ഥൻ?
9. മാർതോമാ നസ്രാണികളുടെ ഭരണക്രമത്തിൽ ഭൗതീക കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്?
10. ആധുനിക മാനവമൂല്യങ്ങളുടെ അടിത്തറയാണ്?

**ഗ്രൂപ്പിൽപ്പെടാത്തത് എടുത്തെഴുതുക.** **5×1=5**

11. കാരുണ്യം, പ്രത്യാശ, നന്മ, ആലോചന
12. ലോകദർശനം, സ്വർഗ്ഗദർശനം, ദൈവദർശനം, രാഷ്ട്രദർശനം
13. ദൈവമാതാവ്, സഭാമാതാവ്, സ്വർഗ്ഗാരോപിത, അമലോത്ഭവ
14. ആരാധനാക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികപൈതൃകം, പ്രാർത്ഥന
15. പീഢാസഹനം, കുരിശ് മരണം, ഉയിർപ്പ്, സ്വർഗ്ഗാരോപണം

**പേരെഴുതുക.** **3×1=3**

16. "ഈ പള്ളി പുനർ നിർമ്മിക്കുക" ഏത് വിശുദ്ധന് അനുഭവപ്പെട്ട ഉൾവിളിയാണിത്?
17. സഹനവും ത്യാഗവും വേദനയും ഏറ്റെടുക്കുന്ന സ്നേഹത്തെ സൂചിപ്പിക്കുന്ന പേര്?
18. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ച തിരുവെഴുത്ത്?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

19. നമ്മുടെ സഭ ഒരു പൗരസ്ത്യസഭയാണെന്നതുകൊണ്ട് നിങ്ങൾ എന്താണ് മനസ്സിലാക്കിയത്?
20. ലെയോ 14-ാം പാപ്പ ഈ വർഷം കാർലോ അക്യൂട്ടീസിനെ - വിശുദ്ധനായി പ്രഖ്യാപിച്ചു. വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ ഘട്ടങ്ങൾ ഏതെല്ലാമാണ്?

21. "ദൈവത്തിന് അമ്മയുണ്ടാകുക സാധ്യമല്ല അതിനാൽ പരിശുദ്ധ മറിയത്തെ ദൈവമാതാവെന്ന് വിളിക്കുന്നത് ശരിയല്ല." നിങ്ങൾ ഉൾകൊണ്ടിരിക്കുന്ന നിലപാട് എന്ത്?

22. ദൈവം എന്തിനാണ് മനുഷ്യനായത്?

23. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന വിളിയിലൂടെ നാം എന്താണ് വെളിപ്പെടുത്തുന്നത്?

24. തിരുസഭ അംഗീകരിച്ചിരിക്കുന്ന ദൈവവിളികൾ ഏവ?

25. സന്യാസധർമ്മങ്ങൾ ഏതെല്ലാം?

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.** **4×4=16**

26. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കും?

27. "എന്റെ ശരീരം ഞാൻ ആസ്വാദ്യകരമായി ഉപയോഗിക്കുന്നതിൽ തെറ്റില്ല" - വിശ്വാസപരിശീലനം നേടുന്ന നിങ്ങളുടെ നിലപാടെന്ത്?

28. കേരള സഭാചരിത്രത്തിൽ 'കൂനൻ കുരിശ് സത്യം' പ്രധാന നാഴികകല്ലായിരുന്നു. എന്തായിരുന്നു അത്?

29. ലൈംഗീക വിശുദ്ധിയിൽ വളരാൻ നിങ്ങൾ സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാം?

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

30. ഈശോയെ പോലെ അവിടുന്ന് മാത്രം - കുറിപ്പ് തയ്യാറാക്കുക.

**വിശദീകരിച്ച് ഉത്തരമെഴുതുക.** **1×7=7**

31. "ശാസ്ത്രക്ലാസ്സുകളിൽ നിന്ന് ലഭിക്കുന്ന അറിവും ബൈബിളിലെ സൃഷ്ടിവിവരണവും പരസ്പര ഭിന്ന മാണ്; സയൻസല്ലേ സത്യം?" ഈ വിഷയത്തിൽ നടക്കുന്ന ഡിബേറ്റ് നിങ്ങളാണ് ക്രോഡീകരിക്കുന്നത്. എന്തെല്ലാം ആശയങ്ങൾ ഉൾക്കൊള്ളിച്ചാണ് ക്രിസ്തീയ നിലപാട് നിങ്ങൾ വ്യക്തമാക്കുക?

## പാർട്ട് 2

**അനുയോജ്യമായവ ചേർത്തെഴുതുക.** **5×1=5**

32.

| | | |
|---|---|---|
| ജപമാല | - | പീയൂസ് പതിനൊന്നാമൻ |
| മിഷൻ പാപ്പ | - | പീയൂസ് അഞ്ചാമൻ |
| തീർത്ഥാടകനായ പാപ്പ | - | വി. യൗസേപ്പ് |
| സമാധാനത്തിന്റെ തീർത്ഥാടകൻ | - | പോൾ ആറാമൻ |
| സഭയുടെ കാവലാൾ | - | ജോൺ പോൾ രണ്ടാമൻ |

**നമസ്കാരമെഴുതുക.** **2×2=4**

33. നന്മ നിറഞ്ഞ മറിയമേ സ്വസ്തി എന്ന പ്രാർത്ഥനയുടെ ആദ്യഭാഗം മാലാഖ പരിശുദ്ധ മറിയത്തോടു നടത്തുന്ന സംഭാഷണമാണ്. ഇതിന് പരിശുദ്ധ മറിയം മാലാഖയ്ക്ക് നൽകിയ മറുപടി വാക്യം എന്താണ്?

34. ദുഃഖത്തിന്റെ ആദ്യധ്യാന രഹസ്യമെഴുതുക.

**ഉത്തരമെഴുതുക.**

35. ലൈംഗികതയുടെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും പ്രാധാന്യം കൂടുതലുണ്ടോ? വ്യക്തമാക്കുക. 4

36. വൈദിക ബ്രഹ്മചര്യത്തിന്റെ പ്രസക്തിയെക്കുറിച്ച് നിങ്ങൾ ഉൾകൊണ്ട സഭാനിലപാട് എന്ത്? 3

37. സൃഷ്ടികർമ്മം ആറ് ദിവസത്തെ പ്രവൃത്തിയായി ബൈബിൾ ചിത്രീകരിക്കുന്നത് എന്തുകൊണ്ട്? 4